# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോട്ടപ്പടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം/പി7/259/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 13/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടപ്പടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം/പി7/259/2023 തീയ്യതി: 13/04/2023

## എറണാകുളം ജില്ലയിലെ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 20-02-2023 | 28-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-02-2023 | 28-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1..മരുൺ മാത്യു, ഓഡിറ്റ് ഓഫീസർ
2. ഷൈബി ഇ ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ഷൈനി പി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4. കിരൺ കെ എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനി ഗോപി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്രീജ വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 08-04-2021 |
| ശ്രീ പി പി റെജിമോൻ | സെക്രട്ടറി | 09-04-2021 | 27-06-2021 |

| | | | |
|---|---|---|---|
| ശ്രീ രമേഷ് കെ എൻ | സെക്രട്ടറി | 28-06-2021 | 19-12-2021 |
| ശ്രീമതി ശ്രീജ വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-12-2021 | 31-12-2021 |
| ശ്രീ രമേഷ് കെ എൻ | സെക്രട്ടറി | 01-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ.ജെറാൾഡ് ഗോർക്കിംഗ് മാത്യു | മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി) | 01-04-2021 | 31-03-2022 |
| ഡോ.സോളമൻ എ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി ബെൽസി ബാബു കെ ജി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി സരോജിനി കെ ജി | ഹെഡ്മിസ്ട്രസ്, ഗവ.എൽ പി എസ്, കോട്ടപ്പടി സൗത്ത് | 01-04-2021 | 31-03-2022 |
| ശ്രീമതി എലിസബത്ത് സി ജോർജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ഡോ. എസ് ഷറഫുദീൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി ഷൈന സദാശിവൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ബേബിമോൾ എസ് | വി ഇ ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി ദിവ്യ ശശി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 20-10-2021 |
| ശ്രീമതി സുമിയ സി വൈ | അസിസ്റ്റന്റ് എഞ്ചിനിയർ | 21-10-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-10 |
| 11 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു | 1-11 |
| 12 | തൊഴിൽനികുതി - അപാകങ്ങൾ | 1-12 |
| 13 | രസീത് പരിശോധന - അപാകതകൾ | 1-13 |
| 14 | യന്ത്രങ്ങളുടെ കുതിരശക്തി - ലൈസൻസ് ഫീ ഈടാക്കുന്നില്ല | 1-14 |
| 15 | 60 ച.മീറ്റർ വരെ വിസ്തീർണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ -ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു | 1-15 |
| 16 | ആട് വളർത്തൽ പദ്ധതി- സബ്സിഡി അധികം അനുവദിച്ചു | 1-16 |
| 17 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല-ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 18 | ഹോമിയോ- മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു | 1-18 |
| 19 | ലൈഫ് പദ്ധതി - തുക കൈപ്പറ്റിയിട്ടും നിർമ്മാണപുരോഗതിയില്ല | 1-19 |
| 20 | മഹിള സാംസ്കാരിക നിലയം നിർമ്മാണം- ലക്ഷങ്ങൾ ചെലവഴിച്ചിട്ടും പദ്ധതി പൂർത്തികരണം അനിശ്ചിതത്വത്തിൽ | 1-20 |
| 21 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ - നടപടികൾ സ്വീകരിച്ചില്ല | 1-21 |
| 22 | പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ - വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു | 1-22 |
| 23 | കിഴങ്ങ് വർഗ്ഗ വികസനം - കിഴങ്ങ് കിറ്റ് വിതരണം പൂർത്തിയാക്കിയില്ല | 1-23 |
| 24 | സുഗന്ധവിള ഗ്രാമം പദ്ധതി - അപാകതകൾ | 1-24 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |

| | | |
|---|---|---|
| 1 | ആട് വളർത്തൽ പദ്ധതി-അധികം അനുവദിച്ച സബ്സിഡി നിരാകരിക്കുന്നു. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ രൂ840412 മുന്നിരിപ്പും രൂ 167069900 വരവും രൂ166409391ചെലവും രൂ 1500921 നീക്കിയിരിപ്പുമുള്ള 21-22 വർഷത്തെബജറ്റ് 19.02.21 ലെ 1(1) നം തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. രൂ 840412 മുന്നിരിപ്പും രൂ 169240546 വരവും രൂ168055468 ചെലവും2025490 രൂ നീക്കിയിരിപ്പുമുള്ളസ്ഥാപനത്തിന്റെ പുതുക്കിയ ബജറ്റ് 28.2.22ലെ 1(1) നം തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

നികുതി ,നികുതിയേതര ഇനങ്ങളുടെ വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ്

സ്ഥാപനത്തിന്റെ നികുതി, നികുതിയേതര ഇനങ്ങളുടെ വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റിന്റേയും യഥാർത്ഥത്തിലുള്ളതിന്റേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ഇനം | ബജറ്റ് എസ്റ്റിമേറ്റ് 2021-22 (A) | 2021-22 പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് (B) | യഥാർത്ഥ വരുമാനം (ഇൻകം സ്റ്റേറ്റ്മെന്റ് പ്രകാരം (C) | വ്യതിയാനം (B-c) |
|---|---|---|---|---|
| നികുതി വരവ് | 5075000 | 5303520 | 4798438 | 505082 |
| വാടക വരവ് | 2502400 | 1584718 | 1602900 | (-)18182 |
| ഫീ,യൂസർ ചാർജ് | 595000 | 670,000 | 495912 | 174088 |
| സെയിൽ& ഹയർ ചാർജ് | 273500 | 310500 | 201815 | 108685 |
| ആകെ | | | | 769673 |

നികുതി നികുതിയേതര ഇനങ്ങളുടെ വരവുകളുടെ ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ തുകയും തമ്മിൽ ₹769673/- യുടെ വ്യത്യാസം കാണുന്നു. യാഥാർത്ഥ്യ ബോധത്തോടെയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ഈ കണക്കുകൾ സൂചിപ്പിക്കുന്നു.

റവന്യൂ ചെലവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ്

| ഇനം | ബജറ്റ് എസ്റ്റിമേറ്റ് 2021-22 | 2021-22 പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ ചെലവ് (ഇൻകം സ്റ്റേറ്റ്മെന്റ് പ്രകാരം | വ്യതിയാനം |
|---|---|---|---|---|
| ജീവനക്കാര്യത്തിലേക്കുള്ള ചെലവുകൾ | 11026000 | 11792000 | 10894169 | 897831 |
| ഭരണ ചെലവുകൾ | 969100 | 1287800 | 1143874 | 143926 |
| സംരക്ഷണവും നടത്തിപ്പും | 2284000 | 1645000 | 1458004 | 186996 |
| പലിശ അനുബന്ധ ചെലവുകൾ | 571400 | 402500 | 269158 | 133342 |
| ആകെ | | | | 1362095 |

റവന്യൂ ചെലവുകൾ ബജറ്റ് എസ്റ്റിമേറ്റിനേക്കാൾ വളരെ കുറവാണെന്ന് കാണുന്നു. സ്ഥാപനത്തിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന ആധികാരിക രേഖയെന്ന നിലയിൽ ബജറ്റ് തയ്യാറാക്കുമ്പോൾ സ്ഥാപനം കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 31.07.2022 |

ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള ഡി.സി.ബി സ്റ്റേറ്റ്മെന്റിലെ വസ്തു നികുതി (കറന്റ്), അരിയർ

ഇനത്തിലെ കളക്ഷൻ, ബാലൻസ് എന്നിവ വാർഷികധനകാര്യ പത്രികയിലെ ഈ ഇനത്തിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2.തൻവർഷ കടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

3.ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ വാർഷികകണക്കുകളിലെ ആസ്തികളുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

4.ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി ലഭിക്കേണ്ട തുക ഡിമാന്റ് ചെയ്ത് ഇന്കം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-5(b) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറൻറ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഓരോവർഷവും ഇ-ടെണ്ടർ ഫോറത്തിന്റെ വരവ് അക്കൌണ്ടിൽ ഉൾപ്പടുത്തുന്ന എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഈ ഇനത്തിൽ ഓരോ വർഷങ്ങളിലും ഇതുവരെ ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ തെളിവ് സഹിതം ഹാജരാക്കേണ്ടതും എത്രയും വേഗം തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.
5)സി.എഫ്.സി ടൈഡ് ഫണ്ട് എ.സി.ആർ പ്രകാരം ആകെ ചെലവ് 3177723/- രൂപയാണ്. എന്നാൽ വാർഷിക കണക്കുകൾ പ്രകാരം ചെലവ് 3155395/- ആണ്.(2577723+577672) ചെലവിൽ വ്യത്യാസം വന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15747354 |
| ഓഡിറ്റ് വർഷത്തെ വരവ് | 63608274 |
| ആകെ | 79355628 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 60940767 |
| നീക്കിയിരിപ്പ് | 18414861 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 65000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1192463 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 10110020 | 10110020 | 9251695 | | 858325 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5533785 | 5533785 | 5180519 | | 353266 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 129300 | 129300 | 109000 | | 20300 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 24370060 | 24370060 | 11692727 | | 12677333 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4870979 | 4870979 | 1141944 | | 3729035 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ട്രഷറി) | 0 | 731283 | 731283 | 479386 | | 251897 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ബാങ്ക്) | 0 | 2208000 | 2208000+ 47190,പലിശ) 2255190 | Capital Contribution 1216139 | 1039051 | |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ട്രഷറി) | 0 | 3767877 | 3767877 | 2577723 | | 1190154 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ബാങ്ക്) | 0 | 3312000 | 3312000 | 577672 | 2734328 | - |
| കേന്ദ്രാവിഷ്കൃതഫണ്ട്- അങ്കണവാടി പൂരക പോഷകാഹാരം 320100196 | 128782 | 590539 | 719321 | 707911 | 11410 | |
| പി ബി ഐജി 320300103 | 958322 | - | 958322 | 932081 | 26241 | |
| ടോട്ടൽ സാനിട്ടേഷൻ 3201001181 | 307000 | - | 307000 | - | 307000 | |
| ബാക്ക് വേർഡ് റീജിയൻ ഗ്രാന്റ് ഫണ്ട് 320100106 | 29702 | - | 29702 | - | 29702 | |
| സംസ്ഥാനാ വിഷ്കൃതഫണ്ട്- | | | | | | |
| വിമുക്തി 320200399 | 5030 | - | 5030 | - | 5030 | |
| ഖരമാലിന്യ സംസ്കരണം 320200304 | 1200,000 | - | 1200,000 | - | 1200,000 | |
| ശുചിത്വമിഷൻ ഗ്രാന്റ് 320100198 | 130000 | 130000 | 260000 | 260,000 | 0 | |
| 320300199 (ലൈഫ്-സംസ്ഥാന വിഹിതം) | 3214744 | 3332511 | 6547255 | 3340178 | 3207077 | |
| നിർമ്മൽ പുരസ്കാർ 320100101 | 272075 | - | 272075 | - | 272075 | |
| ഐസിഡി എസ് സർവ്വീസ് 320100125 | 45000 | - | 45000 | - | 45000 | |
| ദുരിതാശ്വാസ നിധി | 16154 | 646 | 16800 | -- | 16800 | |

| ഫണ്ടിനം | ജി ഒ പ്രൊജക്ട് | ക്യാപിറ്റൽ കോൺട്രിബ്യൂഷൻ |
|---|---|---|

| | | |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2604305 | 733367 |
| വികസന ഫണ്ട് ( എസ് സി പി) | 722028 | |
| ധനകാര്യ കമ്മീഷൻ അവാർഡ്(Untied) | - | 1695525 |

ബജറ്റ് പ്രകാരം പഞ്ചായത്തിന് അനുവദിക്കുന്ന ഗ്രാന്റുകൾ കാര്യക്ഷമമായി ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. സംരക്ഷണ ഗ്രാന്റ് റോഡ് നോൺ റോഡ് ഇനത്തിൻ ലഭിച്ച ഗ്രാന്റുകൾ യഥാക്രമം 12677333, 3729035 വീതം ലാപ്സാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ ആസ്തിസംരക്ഷണത്തിനുപയോഗിക്കേണ്ട ഗ്രാന്റ് നഷ്ടപ്പെടുത്താതെ വിനിയോഗിക്കുന്നതിന് ഭരണ സമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്/ പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 144 | 124023371 | 85 | 47402323 | 31 | 28 | 59% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവ് | 754134 | 724051 | 1478185 | 1132213 | 345972 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 20141912 | 20141912 | 20141912 | |
| ആകെ | 754134 | 20865963 | 21620097 | 21274125 | 345972 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ | 181 | 2737200 |
| 2 | ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 220 | 3590800 |
| 3 | വാർധക്യകാല പെൻഷൻ | 1808 | 23897400 |
| 4 | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 24 | 382100 |
| 5 | വിധവാ പെൻഷൻ | 672 | 10170200 |
| 6 | തൊഴിൽ രഹിത വേതനം | 14 | 26880 |
| 7 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 11 | 330,000 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.02.2023 ഉച്ചകഴിഞ്ഞ് 3 മണിക്ക് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 36,088/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. രജിസ്റ്ററുകളും ഫയലുകളും നല്ല രീതിയിൽ പരിപാലിച്ചിട്ടുണ്ട്. ഓഫീസ് ഓർഡർ വഴി കാലാകാലങ്ങളിൽ ചുമതലാ വിഭജനം നടത്തി സെക്ഷനുകളുടെ ചുമതലകളിൽ ക്രമീകരണം വരുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ ചർച്ച ചെയ്തിട്ടില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്യുയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഓരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. പഞ്ചായത്ത് സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നുണ്ട്. പദ്ധതികളുടെ നിർവഹണം കാര്യക്ഷമമാണോ എന്ന് മോണിറ്ററിംഗ് സമിതി കൃത്യമായി പരിശോധിക്കുന്നില്ല. ലൈഫ് പദ്ധതിയിൽ നിർമ്മിക്കുന്ന വീടുകൾ പരിശോധന നടത്തി കൺവീനർ സാക്ഷ്യപ്പെടുത്തി വരുന്നില്ല. പദ്ധതികളുടെ നിർവഹണം സംബന്ധിച്ച മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.07.2022 മുതൽ 15.07.2022വരെ | 4/2017 മുതൽ 6/2022-വരെ | 20.08.2022 |
| പെർഫോമൻസ് | 05.10.2021 | 01.02.2021 | റിപ്പോർട്ട് |

| | | | |
|---|---|---|---|
| ഓഡിറ്റ് | | മുതൽ 30.09.2021 | ലഭിച്ചിട്ടില്ല |

## 1-11 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ ബാലൻസ് ഷീറ്റ് പ്രകാരം 31.03.2022-ൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ നീക്കിയിരിപ്പ് ഉണ്ട്.

| ക്രമ നം. | ഹെഡ് | തുക ₹ |
|---|---|---|
| 1 | 320100106 | 29702 |
| 2 | 320100125 | 45000 |
| 3 | 320100181 | 307000 |
| 4 | 320100191 | 272075 |
| 5 | 320100196 | 11410 |
| 6 | 320200304 | 1200,000 |
| 7 | 320200399 | 5030 |
| 8 | 320300103 | 26241 |
| 9 | 320300199 | 3207077 |
| 10 | 320700104 | 395083 |

വിവിധ പ്രോജക്റ്റുകൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, വകുപ്പുകൾ, മറ്റ് സ്ഥാപനങ്ങൾ വിവിധ വർഷങ്ങളിൽ അനുവദിച്ച തുകയാണ് ചെലവഴിക്കാതെ പഞ്ചായത്ത് വിവിധ അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നത്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും ഒഴിവാക്കി ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റി അക്കൗണ്ട് ക്രമീകരിക്കേണ്ടതാണ്.

## 1-12 തൊഴിൽനികുതി - അപാകങ്ങൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ 2021-22 ലെ തൊഴിൽ നികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ)സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് നിലവിലില്ല

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഡാറ്റാ ബേസ് നിലവിലില്ല. മുൻ വർഷങ്ങളിലെപ്പോലെ, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ പഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ചേർത്തിട്ടുള്ളത്. ആയതിനാൽ തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളെല്ലാം ആയത് അടവാക്കിയിട്ടുള്ളത് സംബന്ധിച്ച് പരിശോധന നടത്താനായിട്ടില്ല.

ബി)ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2021-22 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരം സ്ഥാപനത്തിലെ | ലൈസൻസ് നം. |
|---|---|---|---|---|

| | | | ജോലിക്കാരുടെ എണ്ണം | |
|---|---|---|---|---|
| 1 | ഫാത്തിമ ടിംബർ ഇൻഡസ്ട്രീസ് | അലിയാർ കെ.വി | 6 | 9/2021-22 |
| 2 | താസ പ്ലൈവുഡ് | ടി എം അബ്ദുൾ റഹ്മാൻ | 25 | 25/2021-22 |
| 3 | കുന്നത്തുകുടി സിമന്റ് പ്രൊഡക്ട്സ് | ബിബിൻ കെ രാമകൃഷ്ണൻ | 6 | 30/2021-22 |
| 4 | യസീൻ പ്ലൈവുഡ് പാനിപ്ര | എ.എ അബൂബക്കർ | 15 | 34/2021-22 |
| 5 | എക്സൽ ക്വാറി | വ.എം ഉസ്മാൻ | 5 | 45/2021-22 |
| 6 | കുന്നത്താൻ ഗ്രാനൈറ്റ്സ് | ജലാൽ കെ.എം | 9 | 51/2021-22 |

സി)ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | ക്ഷീര സഹകരണ സംഘം(APCOS), കോട്ടപ്പടി | I & II |
| 2 | ക്ഷീര സഹകരണ സംഘം പി ഡി ഡി പി, മുട്ടത്തുപാറ | I & II |
| 3 | പ്ലാമുടി ക്ഷീര സഹകരണ സംഘം | I & II |
| 4 | ക്ഷീര സഹകരണ സംഘം പി ഡി ഡി പി, തോളേലി | I & II |
| 5 | ക്ഷീര സഹകരണ സംഘം പി ഡി ഡി പി, നാഗഞ്ചേരി | I & II |
| 6 | വടാശ്ശേരി ക്ഷീര സഹകരണ സംഘം | I & II |

ഡി)സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | ക്ഷീര സഹകരണ സംഘം(APCOS), കോട്ടപ്പടി | I &II |
| 2 | ക്ഷീര സഹകരണ സംഘം പി ഡി ഡി പി, മുട്ടത്തുപാറ | I &II |
| 3 | പ്ലാമുടി ക്ഷീര സഹകരണ സംഘം | I &II |
| 4 | ക്ഷീര സഹകരണ സംഘം പി ഡി ഡി പി, തോളേലി | I &II |
| 5 | ക്ഷീര സഹകരണ സംഘം പി ഡി ഡി പി, നാഗഞ്ചേരി | I &II |

| | | |
|---|---|---|
| 6 | വടാശ്ശേരി ക്ഷീര സഹകരണ സംഘം | I &II |
| 7 | കൈരളി ആഡിറ്റോറിയം | I &II |

ഇ)സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി ഈടാക്കിയ ജീവനക്കാരുടെ എണ്ണം | ലൈസൻസ് അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | സത്യം പ്ലൈവുഡ് | 9 | 17 |
| 2 | കുറ്റിച്ചിറ പ്ലൈ & ബോർഡ്സ് | 10 | 19 |
| 3 | ബോംബേ പ്ലൈവുഡ് ഇൻഡസ്ട്രീസ് | 9 | 18 |
| 4 | പുത്തൻപുരയിൽ പ്ലൈവുഡ് | 9 | 18 |
| 5 | ടി കെ പ്ലൈ & ബോർഡ്സ്, പാനിപ്ര | 9 | 26 |

മേൽ അപാകതകൾക്ക് മറുപടി/രേഖകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/27.02.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനായി നടപടി സ്വീകരിക്കേണ്ടതും രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-13 രസീത് പരിശോധന - അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 83 പ്രകാരം ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിലൊഴികെയുള്ള എല്ലാ അവസരങ്ങളിലും ലഭിച്ച രസീത് ബുക്ക് പൂർണ്ണമായി ഉപയോഗിച്ച് തീരുകയും കൗണ്ടർഫോയിൽ പഞ്ചായത്തിൽ തിരിച്ചേല്പിക്കുകയും ചെയ്തതിന് ശേഷം മാത്രമാണ് പുതിയ രസീത്ബുക്ക് ലഭ്യമാക്കേണ്ടത്. എന്നാൽ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 28/09/2019 തീയതിയിൽ വെറ്റിനറി സർജൻ, കോട്ടപ്പടിക്ക് 61398 മുതൽ 61406 വരെയുള്ള 9 രസീത് ബുക്കുകൾ വിതരണം ചെയ്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം വിതരണം ചെയ്ത രസീതുകളിൽ പ്രസ്തുത വർഷത്തിൽ ഉപയോഗിക്കാത്തവ പഞ്ചായത്തിൽ തിരികെ നൽകാതെ തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലും ഉപയോഗിച്ചിട്ടുണ്ട്. ആയതിൽ 61405 നം രസീത് ബുക്ക് 2021-22 വർഷമാണ് ഉപയോഗിച്ചിരിക്കുന്നത്. രസീതുകൾ ചട്ടപ്രകാരം കൈകാര്യം ചെയ്യുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം (13/28.02.2023)

## 1-14 യന്ത്രങ്ങളുടെ കുതിരശക്തി - ലൈസൻസ് ഫീ ഈടാക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ, നിർമ്മാണയന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് 232 -ാം വകുപ്പ് പ്രകാരം ലൈസൻസ് നൽകുകയോ പുതുക്കുകയോ ചെയ്യുന്നതിന് ചട്ടങ്ങളോട് ചേർന്ന III -ാം പട്ടികയിൽ പറയുന്നത് പ്രകാരം ഉള്ള ഫീസ് ഈടക്കേണ്ടതാണ്. 2021-22 വർഷത്തിൽ ലൈസൻസ് അനുവദിച്ചതിന്റെ അപേക്ഷകളും അനുബന്ധ രേഖകളുടെയും പരിശോധിച്ചതിൽ, മേൽ ചട്ട പ്രകാരം ഫീസ് ഈടാക്കുന്നില്ലാത്തതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നം: | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം: | യന്ത്രത്തിന്റെ കുതിര ശക്തി (അപേക്ഷ |
|---|---|---|---|

| | | | പ്രകാരം) |
|---|---|---|---|
| 1 | മധുമിത എന്റർപ്രൈസസ് | 10/2021-22 | 6.5 HP |
| 2 | യൂ സ്റ്റാർ പ്ലൈവുഡ്സ് | 12/2021-22 | 81.5 Hp |
| 3 | ഫാത്തിമ ടിംബർ ഇൻഡസ്ട്രീസ് | 38/2021-22 | 38Hp |
| 4 | ഗുരു സ്റ്റീൽ & ഫർണിച്ചർ ഇന്റീരിയേഴ്സ് | 5/2021-22 | 45 Hp |
| 5 | പുത്തൻ പുരയിൽ പ്ലൈവുഡ്സ് | 23/2021-22 | 140 Hp |
| 6 | പാലക്കാടൻ ഗ്രാനൈറ്റ്സ് | 24/2021-22 | 125 Hp |
| 7 | താസ പ്ലൈവുഡ്സ് | 25/2021-22 | 140 Hp |
| 8 | അസോസിയേറ്റഡ് റബ്ബർ കെമിക്കൽസ്(കൊച്ചി) പ്രൈ.ലിമിറ്റഡ് | 27/2021-22 | 173 Hp |
| 9 | മഹർഷി ആയുർലാബ് കേരള പ്രൈ.ലിമിറ്റഡ് | 29/2021-22 | 25 Hp |
| 10 | കുന്നത്തുകുടി സിമന്റ് പ്രൊഡക്ട്സ് | 30/2021-22 | 21 Hp |
| 11 | ടി കെ പ്ലൈ & ബോർഡ്സ് | 32/2021-22 | 112 Hp |
| 12 | യാസീൻ പ്ലൈ & ബോർഡ്സ് | 34/2021-22 | 40 Hp |
| 13 | ബോംബെ പ്ലൈ & ബോർഡ്സ് | 35/2021-22 | 115 Hp |

മേൽ സ്ഥാപനങ്ങളിൽ നിന്നും, യന്ത്ര സാമഗ്രിയോ, നിർമ്മാണയന്ത്രമോ ഉപയോഗിക്കുന്ന മറ്റ് സ്ഥാപനങ്ങളിൽ നിന്നും ചട്ടം 18 പ്രകാരം, ഈടാക്കേണ്ട ഫീ ഈടാക്കാത്തതിനു വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(15/28.02.2023) മറുപടി നൽകിയില്ല.
ഓഡിറ്റ് നിർദ്ദേശം :
1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 പ്രകാരമുള്ള ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 60 ച.മീറ്റർ വരെ വിസ്തീർണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ -ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ, കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ 1 മുതൽ 5 വാർഡുകൾ മാത്രം പരിശോധിച്ചതിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | പേര് /വിലാസം |
|---|---|---|
| 1 | 1/14 | ഇബ്രാഹിം, ഉള്ളാലിൽ, പ്ലാമുടി |
| | 1/15 | |
| 2 | 1/290 | മിഥുൻ പോൾ & ജോമോൻ കെ ഏലിയാസ് ആൻറ് ഡോക്ടർ ജെയ്മോൻ കെ ഏലിയാസ്, കുറ്റിത്തോട്ടത്തിൽ,മേക്കടമ്പ്,പീച്ചാട് |
| | 1/290 A | |
| | 1/290 B | |
| 3 | 3/329 A | രജനി വിജയൻ, വാളൂക്കാരൻ, പ്ലമുടി |
| | 3/329 B | |

| | | |
|---|---|---|
| 4 | 4/19<br>4/20 | ബെന്നി ജേക്കബ്, അതിരംപുഴ,കോട്ടപ്പടി |
| 5 | 4/93<br>4/93 A | ചാക്കോ വർക്കി, കടലാങ്കൽ വീട് |
| 6 | 4/172 A<br>4/172 C | ഷാജികുമാർ ഭാര്യ ബിന്ദു, നരിപ്പാറ, അയിരൂർപാടം |
| 7 | 4/292<br>4/293 | ഔസേഫ് വർഗ്ഗീസ്, കൊച്ചുമാലി വീട് |
| 8 | 4/327<br>4/328 | കളവൻ നാരായണൻ, പറമ്പത്ത് വീട്, |
| 9 | 4/373<br>4/374 | പത്രോസ് ഏലിയാസ്, പ്രായിൽ വീട് |
| 10 | 5/24<br>5/25 | പൈങ്കിളി കുട്ടപ്പൻ, പൂന്തേടത്ത് വീട് |
| 11 | 5/109<br>5/110 | ഔസേഫ് തോമസ്, തെക്കേക്കുന്നേൽ വീട് |

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഒന്നിൽക്കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 14/28.02.2023 ന് മറുപടി ലഭിച്ചില്ല.

ഓഡിറ്റ് നിർദ്ദേശം

ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 ആട് വളർത്തൽ പദ്ധതി- സബ്സിഡി അധികം അനുവദിച്ചു

വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ ആട് വളർത്തൽ പദ്ധതികളിൽ യൂണിറ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ അനുവദിക്കാവുന്നതിലും അധികം സബ്സിഡി അനുവദിച്ചത് മൂലം S63/22 ആട് വളർത്തൽ എസ് സി വനിത, S57/22 ആട് വളർത്തൽ ജനറൽ (വനിത) എന്നീ രണ്ട് പദ്ധതികളിലായി ആകെ 65,000/- രൂപ അധികം നൽകിയിട്ടുണ്ട്. അനുവദനീയമായതിലും അധികമായി ചെലവഴിച്ച 65,000/- രൂപ ഉത്തരവാദിയായ വെറ്ററിനറി സർജനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. വിശദവിവരം ഖണ്ഡിക നമ്പർ 3-1 ൽ ചേർത്തിട്ടുണ്ട്.

1-17 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല-ചെലവ് തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലായതിന്റെ പൂർത്തീകരണ സാക്ഷ്യപത്രമോ, നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രമോ ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തുക കൈപ്പറ്റിയ സ്ഥാപനം | പ്രൊജക്ടിന്റെ പേര്, നമ്പർ | അടങ്കൽ | മുൻകൂർ നൽകിയ തുക | ബിൽ നമ്പർ/ വൗച്ചർ നമ്പർ/ ചെക്ക് നമ്പർ/ തീയതി |
|---|---|---|---|---|
| ഐ കെ എം | ഐ കെ എം-ന് വിഹിതം നൽകൽ S04/22 | 72580/- (വികസന ഫണ്ട് -സാധാരണ വിഹിതം) | 72580/- | 34/07.07.2021 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ്ലൈൻ വലിക്കൽ S88/22 | 1043000/- (ധനകാര്യ കമ്മീഷൻ അവാർഡ്) | 1018352/- | XVFC/2021-22/P/1 തീയതി 30.01.2022 |
| കെ.എസ്.ഇ.ബി | വാർഡ് 7 ലെ കുന്നത്ത് പീടിക ഇറമ്പത്ത് റോഡിലെ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ S146/22 | 22223/- (20000/- വികസന ഫണ്ട്- ജനറൽ, 2223/- തനത് ഫണ്ട്) | 22223/- | 252/10.02.2022 തുക 20000/- 419802/14.02.2022 തുക 2223/- |
| | | ആകെ | 11,13,155/- | |

മേൽ പരാമർശിത പദ്ധതികളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 24.02.2023 ലെ 1ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗ സാക്ഷ്യപത്രം പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമായിട്ടില്ലെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ 11,13,155/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 ഹോമിയോ- മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S45/22 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ തുക | 150000/-(മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്) |
| ആകെ ചെലവ് തുക | 150000/- |
| ബിൽ നമ്പർ/ തീയതി | 272/28.02.2022 |
| നിർവ്വഹണം | സെക്രട്ടറി |

പഞ്ചായത്തിലെ എൻ എച്ച് എം ഹോമിയോ ഡിസ്പെൻസറിയിലേക്ക് 2021-22 വർഷത്തിൽ മരുന്ന് വാങ്ങുന്നതിന് 150000/- രൂപ കേരളാ സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് (HOMCO) കൈമാറിയിട്ടുണ്ട്. 70692/- രൂപയ്ക്കുള്ള മരുന്ന് മാത്രമാണ് ലഭ്യമാക്കി സ്റ്റോക്കിലെടുത്തത്. അവശേഷിക്കുന്ന 79308/- രൂപയ്ക്കുള്ള മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 25.02.2023 ലെ 9ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഹോംകോ-യ്ക്ക് കത്ത് നൽകിയിട്ടുള്ളതായും മരുന്ന് ലഭ്യമാക്കുന്നതാണെന്നും ഹോംകോ മറുപടി നല്കിയിട്ടുണ്ട് എന്നറിയിച്ചു. ഹോംകോയ്ക്ക് കൈമാറിയ തുകയിൽ അവശേഷിക്കുന്ന 79308/- രൂപയ്ക്കുള്ള മരുന്ന് കൂടി ലഭ്യമാക്കി രേഖകൾ ഹാജരാക്കുന്നത് വരെ 79308/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 ലൈഫ് പദ്ധതി - തുക കൈപ്പറ്റിയിട്ടും നിർമ്മാണപുരോഗതിയില്ല

പഞ്ചായത്ത് നടപ്പാക്കിയ ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ റെജി & ഷിൻസി, മേച്ചേരി, വടക്കുംഭാഗം (വാർഡ് 3) എന്ന ഗുണഭോക്താവ് 19.03.2022 തീയതി വരെ രണ്ട് ഗഡുക്കളായി ആകെ 2,00,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്. ഗുണഭോക്താവിന്റെ വീട് നിർമ്മാണം നടക്കുന്ന സ്ഥലം സന്ദർശിച്ചതിൽ തറ നിർമ്മാണം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് 27.02.2023 ൽ നൽകിയ 10ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥ മറുപടി ഹാജരാക്കിയിട്ടുണ്ട്. മറുപടിയിൽ, വിഷയം ശ്രദ്ധയിൽപ്പെടുത്തുന്നതിന് 29.12.2022 ന് പഞ്ചായത്ത് പ്രസിഡന്റിന് കത്ത് നൽകിയിരുന്നെന്നും 13.01.2023 ന് ഭരണസമിതി യോഗത്തിൽ ചർച്ച ചെയ്യുന്നതിന് അജണ്ട ചേർത്തിരുന്നുവെന്നും വിശദീകരിച്ചിട്ടുണ്ട്. കൂടാതെ ഗുണഭോക്താവിനെ നേരിൽ കണ്ടും വീട് നിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യപ്പെട്ടതായി മറുപടിയിൽ ചേർത്തിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 മഹിള സാംസ്കാരിക നിലയം നിർമ്മാണം- ലക്ഷങ്ങൾ ചെലവഴിച്ചിട്ടും പദ്ധതി പൂർത്തികരണം അനിശ്ചിതത്വത്തിൽ

കോട്ടപ്പടി ഗ്രാമപഞ്ചായത്തിലെ 11ാം വാർഡിൽ മഹിളസാംസ്കാരിക നിലയം നിർമ്മാണം എന്ന പദ്ധതി ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുന്നത് 2019-20 ലാണ്. 2019-20 മുതൽ 2022-23 വരെ എല്ലാവർഷവും പ്രസ്തുത പദ്ധതി ഏറ്റെടുത്തിരുന്നുവെങ്കിലും കെട്ടിടത്തിന്റെ ബേസ്മെന്റ് ഇട്ട് പില്ലറുകൾ സ്ഥാപിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. 2022-23 ൽ സ്പിൽ ഓവറാക്കിയെങ്കിലും തുടർപ്രവൃത്തികൾ ചെയ്തിട്ടില്ല. പ്രസ്തുത പ്രദേശം കാടുപിടിച്ച് കിടക്കുന്നതായി ഓഡിറ്റ് വേളയിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കണ്ടെത്തി. പദ്ധതിക്കായി നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | പദ്ധതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവ് ₹ |
|---|---|---|---|
| 2019-20 | സാംസ്കാരിക നിലയത്തിന് സ്ഥലം വാങ്ങൽ 144/19 | സെക്രട്ടറി | 639208 |
| 2020-21 | മഹിളസാംസ്കാരിക നിലയം നിർമ്മാണം 121/21 | അസി.എഞ്ചിനീയർ | 399183 |
| 2021-22 | മഹിളസാംസ്കാരിക നിലയം നിർമ്മാണം 108/22 | അസി.എഞ്ചിനീയർ | 361330 |
| | ആകെ | | 1399721 |

സാംസ്കാരിക നിലയത്തിന്റെ സ്ട്രക്ചർ തീർക്കുന്നതിനാണ് 2020-21 ൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഇതിലേക്കായി ഇ ടെണ്ടർ നടപടികൾ മുഖേന കുറഞ്ഞ തുക ക്വോട്ട് ചെയ്ത ശ്രീ ബിജുമോൻ പി എ യുടെ ടെണ്ടർ അംഗീകരിച്ച് എഗ്രിമെന്റ് നം 57/AE/LSGD/KTPDY/2020-21 തീ 22.02.2021 പ്രകാരം പ്രവൃത്തി ആരംഭിച്ചു. 2020-21 ലും 2021-22 ലും പൂർത്തിയായ വർക്കിന് വാല്യുവേഷൻ പ്രകാരം കോൺട്രാക്ടർക്ക് തുക നല്കിയപ്പോൾ റീടെൻഷൻ തുക യഥാക്രമം 8910, 8250 വീതം പ്രവൃത്തി ബില്ലുകളിൽ റീടെൻഷൻ തുകകൾ കുറവ് ചെയ്യേണ്ട സാഹചര്യത്തിൽ ഇത് കുറച്ച് അറ്റ തുകയ്ക്ക് മാത്രം ബിൽ തയ്യാറാക്കിയാണ് തുക പിൻവലിച്ചിട്ടുള്ളത്. ബിൽ തയ്യാറാക്കിയതിൽ റീടെൻഷൻ തുക ഉൾപ്പെടുത്താത്തതിനാൽ റീടെൻഷൻ തിരികെ നല്കേണ്ടി വരുന്നവേളയിൽ ഇതിനുള്ള പണം മറ്റ് സോഴ്സുകളിൽ നിന്നും കണ്ടെത്തേണ്ടതായി വരും. ആയതിനാൽ റീടെൻഷൻ തുക കൂടി ക്ലെയിം ചെയ്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം 12/27.2.23 ന്റെ നല്കിയ മറുപടിയിൽ ജില്ലാ പഞ്ചായത്തിൽ നിന്നും തുക ലഭിക്കാത്തതിനാലാണ് പദ്ധതി പൂർത്തിയാക്കാൻ കഴിയാത്തത് എന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി സംബന്ധിച്ച ഫിനാൻഷ്യൽ ഫീസിബിലിറ്റി സ്റ്റഡി നടത്തിയതിനുശേഷം മാത്രമേ, പഞ്ചായത്ത് കെട്ടിട നിർമ്മാണം പോലെയുള്ള പദ്ധതികൾ ഏറ്റെടുത്ത് നടത്താവൂ. അല്ലാത്തപക്ഷം പദ്ധതി യഥാസമയം പൂർത്തീകരിക്കാതെ അതുവരെ ആർജ്ജിച്ച ആസ്തികൾ ഉപയോഗ ശൂന്യമായി നശിച്ചുപോവുന്നതിനും അതുവഴി പൊതുപണം പാഴാവുന്നതിനും ഇടവരും. പദ്ധതി പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.



1-21 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ - നടപടികൾ സ്വീകരിച്ചില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിൽ 2011-12, 2013-14, 2014-15, 2015-16, 2016-17, 2017-18, 2018-19 വർഷങ്ങളിൽ ലഭിച്ച ഡെപ്പോസിറ്റുകൾ നാളിതുവരെ റീഫണ്ട് ചെയ്തിട്ടില്ലാത്തതായി കാണുന്നു.

| ഇനം | തുക | ലഭിച്ച കാലയളവ് |
|---|---|---|
| ഓക്ഷൻ ഡെപ്പോസിറ്റ് | 562756 | 18.05.16 മുതൽ 11.09.18 വരെ |
| ബിഡ്ഡേഴ്സ് ഇ.എം.ഡി | 1250 | 13.08.18 മുതൽ 21.11.18 വരെ |
| കോൺട്രാക്ടേർസ് ഇ.എം.ഡി | 118900 | 29.09.2011 മുതൽ 04.02.2019വരെ |
| സപ്ലൈയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 13330 | 14.09.17 മുതൽ 26.10.17 വരെ |
| സപ്ലൈയേഴ്സ് ഇ.എം.ഡി | 55174 | 24.12.2012 മുതൽ 15.01.2019 വരെ |
| മറ്റുള്ളവരിൽ നിന്ന് സ്വീകരിച്ച ഡെപ്പോസിറ്റുകൾ(Deposit Received From Others) | 6010 | 27.03.13 മുതൽ 15.11.18 വരെ |
| മറ്റ് ഡെപ്പോസിറ്റുകൾ(OTHER DEPOSIT) | 70185 | 05.03.12 മുതൽ 14.01.19 വരെ |
| റെന്റ് ഡെപ്പോസിറ്റ് | 106050 | 25.09.2018 |

വാടകമുറികൾ ഒഴിഞ്ഞിട്ടുണ്ടെങ്കിൽ വാടക ഇനത്തിലെ തുകകൾ മുഴുവൻ ഈടാക്കിയെന്ന് ഉറപ്പ് വരുത്തേണ്ടതും ഡെപ്പോസിറ്റ് തുക ക്രമീകരിക്കേണ്ടതുമാണ്.
കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 282 പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 79 പ്രകാരവും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിനു ശേഷം സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് തിരിച്ചെഴുതേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 14.01.20 ലെ തദ്ദേശസ്വയംഭരണ (എ സി) വകുപ്പിന്റെ സർക്കാർ ഉത്തരവ് നം.എ സി 1 /125/2019 -തസ്വഭവ ഉത്തരവ് പ്രകാരം തുടർച്ചയായി മൂന്ന് വർഷത്തിലധികമായി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന ഡെപ്പോസിറ്റുകൾ ഓരോന്നിന്റെയും കാലാവധി മൂന്ന് വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ അതത് സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് കൃത്യമായി ഉറപ്പ് വരുത്തുന്നതിനാവശ്യമായ സജ്ജീകരണവും ക്രമീകരണവും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറിമാർ ചെയ്യേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ

വ്യക്തമാക്കിയിട്ടുണ്ട്. നിക്ഷേപമായി ലഭിച്ച മേൽ തുകകളിന്മേൽ തുടർനടപടി സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം 04/24.02.23) നൽകിയ മറുപടിയിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചു. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിൻമേൽ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-22 പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ - വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | 07/22 ദേശീയ ആരോഗ്യ പരിപാടികളുടെ നടത്തിപ്പ് |
| അടങ്കൽ തുക | 10000/-(വികസന ഫണ്ട് ജനറൽ) |
| ആകെ ചെലവ് തുക | 10000/- |
| ബിൽ നമ്പർ/ തീയതി | 20/21-22 തീയതി 17.03.22 |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |

പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ 10000/ രൂപ പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പരിപാടിക്കായി വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. നാളിതുവരെയുള്ള സർക്കാർ ഉത്തരവുകളിൽ തനത് ഫണ്ടിൽ നിന്ന് 10000/- രൂപ ചെലവഴിക്കാൻ മാത്രമാണ് സർക്കാർ അനുമതി നൽകി വന്നിട്ടുള്ളത്. പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പരിപാടിക്ക് വികസന ഫണ്ട് ചെലവഴിക്കാൻ സർക്കാർ അനുമതി ഇല്ലാത്ത സാഹചര്യത്തിൽ ഈയിനത്തിൽ 10,000/- രൂപ ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ് . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/23.02.23) ഇത്തരം ചിലവുകൾ തനതു ഫണ്ടിൽ നിന്ന് മാത്രമേ ചെലവഴിക്കാവൂ എന്ന് അറിവ് ഉണ്ടായിരുന്നില്ല എന്ന് മറുപടി നൽകി.സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

## 1-23 കിഴങ്ങ് വർഗ്ഗ വികസനം - കിഴങ്ങ് കിറ്റ് വിതരണം പൂർത്തിയാക്കിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര്/ നമ്പർ | കിഴങ്ങ് വിള ഗ്രാമം പദ്ധതി 65/22 |
| അടങ്കൽ | 60000/(വികസന ഫണ്ട് ജനറൽ) |
| ചെലവ് | 60000/ |
| ബിൽ നം | 152 , 23/11/21 |

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥയായ പദ്ധതി പ്രകാരം 300 വനിതകൾക്ക് 200/ രൂപയുടെ കിഴങ്ങ് കിറ്റ് സൗജന്യമായി വിതരണം ചെയ്യുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തത്. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് ഇൻവോയിസ് നം EKM21-22 തി 09.11.21 പ്രകാരം 744 കി.ഗ്രാം കിഴങ്ങ് 60000/രൂപയ്ക്ക് വാങ്ങി 300 കിറ്റുകളാക്കി. ഗുണഭോക്തൃ പട്ടികയിൽ 336 പേർ ഉണ്ടായിരുന്നെങ്കിലും 282 ഗുണഭോക്താക്കൾക്ക് മാത്രമേ കിഴങ്ങ് കിറ്റ് വിതരണം ചെയ്തിട്ടുള്ളൂ. കിഴങ്ങ് കിറ്റ് അപേക്ഷയിൽ ഗുണഭോക്താക്കൾക്ക് എത്ര കിറ്റുകൾ നൽകി എന്നത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ ഇല്ല. കിഴങ്ങ് കിറ്റ് വിതരണ ലിസ്റ്റ് പ്രകാരം 300 കിഴങ്ങ് കിറ്റുകളിൽ 282 കിറ്റുകൾ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. കിഴങ്ങ് കിറ്റുകളിൽ ബാക്കി 18 എണ്ണം വിതരണം ചെയ്തതായി രേഖകളില്ല.തദ്ദേശസ്വയം ഭരണ (ഡി.എ) വകുപ്പിന്റെ 29.01.18ലെ സ.ഉ (കൈ)നം 11/2018 ഉത്തരവ് 11.3 ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കാതെയാണ് പദ്ധതി നടപ്പാക്കിയത്. കൃഷി വികസനം ലക്ഷ്യമാക്കിയ മേൽ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും വിതരണം ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/23.02.23) ന് ലഭ്യമാക്കിയ മറുപടിയിൽ 18 ഗുണഭോക്താക്കൾക്ക് 2 കിറ്റ് വീതം നൽകി വിതരണം പൂർത്തിയാക്കിയതായും രജിസ്റ്ററിൽ ക്രമീകരിച്ചതായും അറിയിച്ചു. മറുപടിയിൽ 36 കിറ്റുകൾ വിതരണം ചെയ്തതായി പറയുന്നു. 300 കിറ്റുകൾ വാങ്ങിയത് 318 പേർക്ക് വിതരണം ചെയ്തു. ഇത് തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയതിനാൽ യഥാർത്ഥ ഗുണഭോക്താക്കൾക്കാണോ ആനുകൂല്യം നൽകിയത് എന്ന് വ്യക്തമല്ല. കൂടാതെ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കിറ്റുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-24 സുഗന്ധവിള ഗ്രാമം പദ്ധതി - അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര്/ നമ്പർ | സുഗന്ധവിള ഗ്രാമം പദ്ധതി 64/22 |
| അടങ്കൽ | 60000/(വികസന ഫണ്ട് ജനറൽ) |
| ചെലവ് | 60000/ |
| ബിൽ നം | 151 , 23/11/21 |

കൃഷി ഓഫീസർ നിർവഹണ ഉദ്ധ്യോഗസ്ഥയായ പദ്ധതി പ്രകാരം 300 വനിതകൾക്ക് കുറ്റികുരുമുളക് തൈ 100% സബ്സിഡിയോടെ വിതരണം ചെയ്യുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തത്. വി എഫ് പി സി കെ (Vegetable & Fruit Promotion Council Kerala) കൃഷി ബിസിനസ് കേന്ദ്ര (എറണാകുളം) യിൽ നിന്ന് ഇൻവോയിസ് നം KBK/EKM/PR/21-22/88തി 18.11.21 പ്രകാരം 600 കുരുമുളക് തൈകൾ(Pepper Bush Big (15*17)) 60000/രൂപയ്ക്ക് വാങ്ങി 169 പേർക്ക് വിതരണം ചെയ്തു. 108 പേരുള്ള ഗുണഭോക്തൃ പട്ടിക പ്രകാരം 169 ഗുണഭോക്താക്കൾക്ക് 600 തൈകൾ വിതരണം ചെയ്തു എന്ന് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് എത്ര തൈ വീതം നല്കി എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 108 പേർ മാത്രമാണ് ഗുണഭോക്തൃ ലിസ്റ്റിലുള്ളത്. എന്നാൽ 169 പേർക്ക് വിതരണം ചെയ്തതിലൂടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും തൈകൾ നൽകിയെന്ന് വ്യക്തമാണ്. ഗുണഭോക്തൃ ലിസ്റ്റിലുള്ളവർക്ക് നൽകേണ്ടതിനേക്കാൾ കൂടുതൽ തൈകൾ വാങ്ങിയിട്ടുമുണ്ട്. തൈ വിതരണം നടത്തിയത് ഏത് മാനദണ്ഡപ്രകാരം ആണെന്ന് വ്യക്തമല്ല. തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പിന്റെ സ ഉ(കൈ)നം 11/2018 തസ്വഭവ തി 29/01/18 , 11.3 ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ മാർഗ്ഗരേഖ പ്രകാരമല്ല ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത്. ഗ്രാമസഭ അംഗീകരിച്ച മുൻഗണന ലിസ്റ്റിന്റെ മുൻഗണനാ ക്രമം മാറ്റാതെ ഭരണ സമിതി അംഗീകാരം നൽകേണ്ടതാണ്. അംഗീകരിച്ച മുൻഗണന ലിസ്റ്റ് തദ്ദേശ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണ്. ഭരണ സമിതി അംഗീകരിച്ച തദ്ദേശ സ്ഥാപനത്തിന്റെ മുൻഗണന ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറേണ്ടതാണ്. എന്നീ മേൽ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങളൊന്നും പദ്ധതി നടത്തിപ്പിൽ പാലിക്കപ്പെട്ടിട്ടില്ല. പദ്ധതി പരിശോധിച്ചതിൽ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്തവർക്ക് തൈ വിതരണം ചെയ്തിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ നൽകുന്നു.

| ക്രമ നം | പേര്/വിലാസം | വാർഡ് നം |
|---|---|---|
| 1 | അനിത ബേസിൽ, നെട്ടുങ്ങാടി ഹൗസ്, കോട്ടപ്പടി | 3 |
| 2 | സുശീല സജി, ഉപ്പാനത്ത്, കോട്ടപ്പടി | 2 |
| 3 | ബിന്ദു വർഗ്ഗീസ്, വിച്ചാട്ട് | 2 |
| 4 | സാറാമ്മ എബ്രഹാം , മൂസാപ്പിള്ളിൽ | 12 |
| 5 | സാറാമ്മ ജോൺ , പടിക്കകുടി | 12 |
| 6 | മണി പരമേശ്വരൻ, എരമ്പത്ത് | 7 |
| 7 | ജിജി സജീവ്, എരെബത്ത് | 7 |

മേൽ അപാകത സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (8/24.02.23) ഗുണഭോക്താക്കളുടെ ലിസ്റ്റ് പഞ്ചായത്ത് കമ്മറ്റിയ്ക്ക് നൽകിയപ്പോൾ വിട്ടുപോയതാണെന്നും അടുത്ത പഞ്ചായത്ത് കമ്മറ്റിയിൽ അംഗീകാരം നേടുന്നതാണ് എന്നും മറുപടി നൽകി. മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് .

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ആട് വളർത്തൽ പദ്ധതി-അധികം അനുവദിച്ച സബ്സിഡി നിരാകരിക്കുന്നു.

1.

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S63/22, ആട് വളർത്തൽ എസ് സി വനിത |
| അടങ്കൽ തുക | 2,00,000/-(എസ് സി പി-145000/-, മറ്റുള്ളവ 55000/-) |
| ചെലവ് തുക | 2,00,000/-(എസ് സി പി-145000/-, മറ്റുള്ളവ 55000/-) |
| ബിൽ നമ്പർ/<br>തീയതി | 217/21-22 തീയതി 08.01.2022 തുക 116000/-<br>282/21-22 തീയതി 05.03.2022 തുക 29000/- |
| നിർവഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ 20 പെണ്ണാടുകളെ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ആട് ഒരെണ്ണത്തിന് 10000/-രൂപ നിരക്കിൽ വാങ്ങിയതിന് 72.5% പ്ലാൻ ഫണ്ട്(എസ് സി പി), 27.5% ഗുണഭോക്തൃവിഹിതം എന്നിങ്ങനെയാണ് ചെലവ് വന്നിട്ടുള്ളത്. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ ഉ (കൈ) നം.22/2018 തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 6.2 ലെ ക്രമ നമ്പർ 2 പ്രകാരം ജില്ലാതലത്തിൽ നിശ്ചയിക്കുന്ന യൂണിറ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി നൽകേണ്ടത്. എറണാകുളം ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ 20.03.2020 ലെ ഉത്തരവ് നമ്പർ 61139/20/ ഡി പി സി/ ഡി പി ഒ/ഇ കെ എം തീയതി 20.03.2020 പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കാണ് 2021-22 പദ്ധതികൾക്ക് ബാധകമായിട്ടുള്ളത്. ആയത് പ്രകാരം ആട് (മലബാറി 6 മാസം 12 കി.ഗ്രാം) 5000/- രൂപ, ആട് (മലബാറി 1 വയസ്സ് 20 Kg & Above) 8000/-രൂപ എന്നിങ്ങനെയാണ് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ളത്. ആയതിനാൽ ഒരു ആടിന് പരമാവധി അനുവദിക്കാവുന്ന സബ്സിഡി തുക 8000/- രൂപയുടെ 75% ആയ 6000/- രൂപയാണ്. എന്നാൽ യൂണിറ്റ് കോസ്റ്റിലും ഉയർന്ന വിലയായ 10000/-രൂപയുടെ 72.5% നിരക്കിൽ 7250/-രൂപ വീതം 20 ആടുകൾക്ക് സബ്സിഡി അനുവദിച്ച് നൽകിയിട്ടുണ്ട്. അതായത് ആട് ഒന്നിന് 1250/- രൂപ വീതം 20 ആടുകൾക്ക് സബ്സിഡി അധികം അനുവദിച്ചതിനാൽ ആകെ 25000/- രൂപയുടെ ( 1250 X 20=25000/-) അധിക ചെലവ് വന്നിട്ടുണ്ട്.

2.

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S57/22,ആട് വളർത്തൽ ജനറൽ (വനിത) |
| അടങ്കൽ തുക | 4,00,000/-(വികസന ഫണ്ട്-ജനറൽ-200000/-,<br>മറ്റുള്ളവ 200000/-) |
| ചെലവ് തുക | 4,00,000/-(വികസന ഫണ്ട്-ജനറൽ-200000/-,<br>മറ്റുള്ളവ 200000/-) |
| ബിൽ നമ്പർ/<br>തീയതി | 281/21-22 തീയതി 05.03.2022 തുക 130000/-<br>219/21-22 തീയതി 18.01.2022 തുക 70000/- |
| നിർവഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

ഈ പദ്ധതിയിൽ 40 പെണ്ണാടുകളെ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ആട് ഒരെണ്ണത്തിന് 10000/-രൂപ നിരക്കിൽ വാങ്ങിയതിന് 50% പ്ലാൻ ഫണ്ട്, 50% ഗുണഭോക്തൃവിഹിതം എന്നിങ്ങനെയാണ് ചെലവ് വന്നിട്ടുള്ളത്. യൂണിറ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ ഒരു ആടിന് പരമാവധി അനുവദിക്കാവുന്ന സബ്സിഡി തുക 8000/- രൂപയുടെ 50% ആയ 4000/- രൂപയാണ്. എന്നാൽ യൂണിറ്റ് കോസ്റ്റിലും ഉയർന്ന വിലയായ 10000/-രൂപയുടെ 50% നിരക്കിൽ 5000/-രൂപ വീതം 40 ആടുകൾക്ക് സബ്സിഡി അനുവദിച്ച് നൽകിയിട്ടുണ്ട്. അതായത് ആട് ഒന്നിന് 1000/- രൂപ വീതം 40 ആടുകൾക്ക് സബ്സിഡി അധികം അനുവദിച്ചതിനാൽ ആകെ 40000/- രൂപയുടെ ( 1000 X 40=40000/-) അധിക ചെലവ് വന്നിട്ടുണ്ട്.

സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചതിലും ഉയർന്ന നിരക്കിൽ സബ്സിഡി അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 24.02.2023 ലെ 7ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. രണ്ട് പദ്ധതികളിലുമായി ആകെ അധികം നൽകിയ 65000/-( 25000 + 40000) രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ വെറ്ററിനറി സർജനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് |
|---|---|---|

| | പരിശോധിച്ച തീയതി | നമ്പർ/തീയതി |
|---|---|---|

2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് | 560,000 | ലൈഫ് (ജനറൽ) (9/22) | 560,000 | 0 |
| കോതമംഗലംബ്ലോക്ക് പഞ്ചായത്ത് | 300,000 | ലൈഫ് (എസ്.സി.പി) (10/22) | 300,000 | 0 |
| കോതമംഗലംബ്ലോക്ക് പഞ്ചായത്ത് | 300,000 | ക്ഷീര കർഷകർക്ക് പാൽ സബ്സിഡി(50/22) | 300,000 | 0 |
| കോതമംഗലംബ്ലോക്ക് പഞ്ചായത്ത് | 25,000 | ശാരീരിക മാനസിക വെല്ലു വിളികൾ നേരിടുന്നകുട്ടികൾ ക്കുള്ളസ്കോളർഷിപ്പ്(56/22) | 25,000 | 0 |
| കോതമംഗലംബ്ലോക്ക് പഞ്ചായത്ത് | 260513 | മഹിളസാംസ്കാരിക നിലയം വാർഡ്11 (108/22) | 260513 | 0 |
| കോതമംഗലംബ്ലോക്ക് പഞ്ചായത്ത് | 100,000 | ലൈഫ് (ടി എസ്..പി) (130/22) | 100,000 | 0 |
| എറണാകുളംജില്ലാ പഞ്ചായത്ത് | 160,000 | ലൈഫ് (ജനറൽ) (9/22) | 160,000 | 0 |
| എറണാകുളംജില്ലാ പഞ്ചായത്ത് | 1000,000 | ലൈഫ് (എസ്.സി.പി) (10/22) | 1000,000 | 0 |
| എറണാകുളംജില്ലാ പഞ്ചായത്ത് | 60,000 | ലൈഫ് (ടി എസ്..പി) (130/22) | 60,000 | 0 |
| എറണാകുളംജില്ലാ പഞ്ചായത്ത് | 194350 | ശാരീരിക മാനസിക വെല്ലു വിളികൾ നേരിടുന്നകുട്ടികൾ ക്കുള്ളസ്കോളർഷിപ്പ്(56/22) | 194350 | 0 |
| എറണാകുളംജില്ലാ പഞ്ചായത്ത് | 164300 | ശാരീരിക മാനസിക വെല്ലു വിളികൾ നേരിടുന്നകുട്ടികൾ ക്കുള്ളസ്കോളർഷിപ്പ്(129/22) | 164300 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ടീറ്റ്ലൈൻ വലിക്കൽ S88/22 | XVFC/2021-22/P/1 തീയതി 30.01.2022 | 1018352/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | - |
| കെ.എസ്.ഇ.ബി | വാർഡ് 7 ലെ കുന്നത്ത് പീടിക ഇറമ്പത്ത് റോഡിലെപോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 252/10.02.2022<br>419802/14.02.2022 | 20000/-<br>2223/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | - |

| | | | | | |
|---|---|---|---|---|---|
| | S146/22 | | | | |

4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ഇനത്തിൽ 880,000/- രൂപ വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷം ലഭ്യമായ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് (ഹഡ്കോ) | ജി ഒ (എം എസ്) 100/2018/ തസ്വഭവ തീയതി 30.07.2018 | 880,000 | 10863833 | 2669333 | 0 | 9074500 |
| ഷോപ്പിംഗ് കോംപ്ലക്സ് (കെ.യു.ആർ. ഡി.എഫ്.സി.) | KURDFC/ ഉത്തരവ് നം /300/2015 തീയതി 23-05-2015 | - | 3601041 | 1140136 | 266770 | 2460905 |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.1 | 2016-17 | അനുബന്ധം 4, പേജ് 178 | തൊഴിൽ നികുതി | തുടർ നടപടികൾ സ്വീകരിച്ച് വിശദീകരണ പത്രിക നൽകി |
| 2014-15 | 2.1(B) | 2016-17 | അനുബന്ധം 4, പേജ് 178 | തൊഴിൽ നികുതി | തുടർ നടപടികൾ സ്വീകരിച്ച് വിശദീകരണ പത്രിക നൽകി |

4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 63608274 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 60940767 |
| വരവിനങ്ങളിലുള്ള നഷ്ടം | | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 65000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1192463 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ (ബി)യിലേയും (സി)യിലേയും തുകയാണ്.)

(ബി)

പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 65000/- | ഡോ. എസ് ഷറഫുദീൻ,<br>വെറ്ററിനറി സർജൻ |
| ആകെ | 65000/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 11,13,155/- | ശ്രീ രമേശ് കെ എൻ,<br>സെക്രട്ടറി |
| 1-18 | 79308/- | ശ്രീ രമേശ് കെ എൻ,<br>സെക്രട്ടറി |
| | 1192463/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും, ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. എസ് ഷറഫുദീൻ, വെറ്ററിനറി സർജൻ | സീനിയർ വെറ്ററിനറി സർജൻ, വെറ്ററിനറി ഹോസ്പിറ്റൽ, കോലഞ്ചേരി | ഹീര,<br>അൾട്രാ 72,<br>ചങ്ങമ്പുഴ നഗർ പി ഒ,<br>തൈക്കാവ് റോഡ്,<br>ഇടപ്പള്ളി 682033 |
| ശ്രീ രമേശ് കെ എൻ, സെക്രട്ടറി | വിരമിച്ചു | കൊറ്റാംപുറത്ത് ഹൗസ്,<br>ഇരിങ്ങോൾ പി ഒ,<br>കുറുപ്പംപടി |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2001-02 | എൽ.എഫ്.ഇ(പി 1)1150/05 | |

| | | |
|---|---|---|
| | /28.10.2006 | |
| 2002-03 | എൽ.എഫ്.ഇ(പി 7)2084/06 /7.11.2006 | |
| 2003-04 | എൽ.എഫ്.ഇ(പി 7)734/10 /29.9.2011 | |
| 2004-05 | എൽ.എഫ്.ഇ(പി 7)735/10 /29.9.2011 | |
| 2005-06 | എൽ.എഫ്.ഇ(പി 7)736/10 /29.9.2011 | |
| 2006-07 | എൽ.എഫ്.ഇ(പി 7)787/12 /13.7.2012 | |
| 2007-08 | എൽ.എഫ്.ഇ(പി 7)788/12 /13.7.2012 | |
| 2008-09 | എൽ.എഫ്.ഇ(പി 7)789/12 /13.7.2012 | |
| 2009-10 | എൽ.എഫ്.ഇ(പി 7)790/12 /13.7.2012 | |
| 2010-11, 2011-12 | എൽ.എഫ്.ഇ(പി7)854/13 /4.6.13 | |
| 2012-13, 2013-14 | എൽ.എഫ്.ഇ(പി7)1901/14 /16.1.15 | |
| 2014-15 | കെ.എസ്.എ.-ഇ.കെ.എം (പി7)1255/2016 തീയതി 25.07.2016 | |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം (പി7)2244/2016 തീയതി 04.03.2017 | |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം (പി7)1881/2017 തീയതി 25.11.2017 | |
| 2017-18 | കെ.എസ്.എ-ഇ.കെ.എം. (പി7)2356/2018 തീയതി 14.02.19/08.03.19 | |
| 2018-19 | കെ.എസ്.എ-ഇ.കെ.എം. (പി7)1177/2019 തീയതി 03.09.19 | |
| 2019-20 | കെ.എസ്.എ-ഇ.കെ.എം. (പി7)182/2022 തീയതി 12.04.2022 | |
| 2020-21 | കെ.എസ്.എ-ഇ.കെ.എം. (പി7)1181/2022 തീയതി | |

| | | |
|---|---|---|
| | 08.08.2021 | |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്